"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - അക്ഷയ പദ്ധതി - അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതും അവയുടെ നടത്തിപ്പുമായും ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (സി) വകുപ്പ്**

സ.ഉ.(കൈ) നം.24/2021/വി.സാ.വ തീയതി,തിരുവനന്തപുരം, 30/07/2021

പരാമർശം:- സ.ഉ.(കൈ)നം.24/2019/വിസവ, തീയതി 30.10.2019.

**ഉത്തരവ്**

അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കൽ, സംരംഭകരെ തെരഞ്ഞെടുക്കൽ, അക്ഷയകേന്ദ്രങ്ങളുടെ കൈമാറ്റം, അക്ഷയ കേന്ദ്രം റദ്ദാക്കുന്നത്, ഉപകേന്ദ്രങ്ങൾ അനുവദിക്കൽ, കരാർ പുതുക്കൽ, അക്ഷയ കേന്ദ്രങ്ങൾക്കുള്ള ശിക്ഷകൾ, എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചുകൊണ്ടും പുതിയ വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ടും പരാമർശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ചില മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് അക്ഷയ സംരംഭക സംഘടനകൾ സർക്കാരിൽ നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(i) പുതിയ ലൊക്കേഷൻ അനുവദിക്കുന്നത്**

രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ആയും, മുനിസിപ്പാലിറ്റികളിൽ 1.5 കി.മീ ആയും കോർപ്പറേഷനുകളിൽ 1 കി.മീ യും പുതുക്കി നിശ്ചയിക്കുന്നു. പുതിയ ലൊക്കേഷൻ അനുവദിക്കുന്നത് സംബന്ധിച്ച പരാമർശത്തിലെ ഉത്തരവ് പ്രകാരമുള്ള മറ്റു വ്യവസ്ഥകൾക്ക് മാറ്റമില്ല.

**(ii) നിലവിലെ ലൊക്കേഷനുകൾ ക്രമപ്പെടുത്തുന്നത്**

സർക്കാർ അനുവദിച്ച ലൊക്കേഷനിലല്ലാതെ പ്രവർത്തിക്കുന്ന അക്ഷകേന്ദ്രങ്ങൾ തൊട്ടടുത്ത് യഥാർത്ഥ ലൊക്കേഷനുകളിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുമായി ദൂരപരിധി സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുകയാണെങ്കിൽ ഒറ്റത്തവണത്തേക്ക് അവ ഇപ്പോൾ പ്രവർത്തിക്കുന്ന ലൊക്കേഷനുകളിൽ റഗുലറൈസ് ചെയ്ത് നൽകാവുന്നതാണ്. ദൂരപരിധി പാലിക്കാത്ത കേന്ദ്രങ്ങൾ അവയുടെ യഥാർത്ഥ ലൊക്കേഷനിലേക്ക് തിരികെ പോകുകയോ മറ്റു കേന്ദ്രങ്ങളുമായി ദൂരപരിധി പാലിക്കാൻ കഴിയുന്ന ഒരു ലൊക്കേഷനിലേക്ക് മാറുകയോ ചെയ്യേണ്ടതാണ്. എന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ മേൽ പറഞ്ഞിരിക്കുന്ന പ്രകാരം റഗുലറൈസേഷൻ സാധ്യമല്ലാത്ത കേസുകൾ ഉണ്ടെങ്കിൽ അക്ഷയ ഡയറക്ടർ ഓരോ കേസും പ്രത്യേകം പരിശോധിക്കേണ്ടതും ബന്ധപ്പെട്ട ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അഭിപ്രായം സഹിതം അനുയോജ്യമായ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

**(iii) അക്ഷയ കേന്ദ്ര കൈമാറ്റം**

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/മരണപ്പെടുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ അക്ഷയ കേന്ദ്രം കൈമാറ്റം ചെയ്യേണ്ടി വരുമ്പോൾ പരാമർശ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം കുടുംബാംഗങ്ങൾക്കു പുറമെ സഹോദരൻ/സഹോദരി എന്നിവർക്ക് കൂടി കേന്ദ്രം കൈമാറാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുന്നു. അപ്രകാരം അടുത്ത ബന്ധുക്കളക്കാരും തന്നെ കേന്ദ്രം കൈമാറി ലഭിക്കുവാൻ യോഗ്യരല്ലാതെ വരുന്ന കേസുകളിൽ മറ്റൊരു വ്യക്തിക്ക് കേന്ദ്രം കൈമാറ്റം ചെയ്യുന്നത് അക്ഷയ ഡയറക്ടർ പരിശോധിക്കേണ്ടതും അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാകളക്ടറുടെ ശിപാർശയോടുകൂടി അനുയോജ്യമായ ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

**(iv) അക്ഷയ കേന്ദ്രം റദ്ദാക്കുന്നത്**

അക്ഷയ കേന്ദ്രങ്ങൾ റദ്ദാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തീരുമാനം വേണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നു. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ പരാമർശത്തിലെ ഉത്തരവ് പ്രകാരമുള്ള മറ്റ് വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ച് അക്ഷയ ചീഫ് കോർഡിനേറ്ററുടെ അംഗീകാരത്തോടുകൂടി അക്ഷയ ഡയറക്ടർ കേന്ദ്രം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**(v) കരാർ പുതുക്കൽ**

അക്ഷയ സംരഭക കരാറിന്റെ കാലാവധി 3 വർഷമായി പുന:സ്ഥാപിക്കുന്നു. കരാർ പുതുക്കുന്നതിനുള്ള ഫീസ് 500 (അഞ്ഞൂറ്) രൂപ ആയിരിക്കും.

3. മേൽ ഭേദഗതികളോടെ പരാമർശത്തിലെ ഉത്തരവ് തുടർന്നും പ്രാബല്യത്തിലിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രകാശ് സി വി

ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി.മിഷൻ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(അക്ഷയ ഡയറക്ടർ മുഖാന്തിരം)
എല്ലാ അക്ഷയ സംരംഭകർക്കും (അക്ഷയ ഡയറക്ടർ മുഖാന്തിരം).
തദ്ദേശ സ്വയംഭരണ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by AJITHKUMAR A
Date: 02-08-2021 11:22:01
സെക്ഷൻ ഓഫീസർ Reason: Approved